കഷൻബോഡ് നടപ്പാക്കിയാൽ വലിയ രക്ഷയായിരിക്കുമെന്നാണ് മറ്റു ചിലർ പറയുന്നത്. ചാലക്കുടി സ്കീം വരും അപ്പോൾ ഇതിനെപ്പറ്റി ആലോചിച്ചാൽമതി എന്നു മറ്റുചിലർ. ചാലക്കുടിസ്കീമും റിക്കൺസ്ട്രക്ഷനും സൗവ്വറിപ്പോട്ടുമായിട്ട് ഈ പ്രമേയത്തിനു യാതൊരു ബന്ധവുമില്ല. ഞാൻ പറയുന്നത് കൊച്ചീരാജ്യത്തിനു പൊതുവിലുള്ള ഒരു സംഗതിയല്ലാ; പ്രത്യേകിച്ച് ഒരു സ്ഥലത്തെ കായ്വുമല്ലാ; കൊച്ചീരാജ്യത്തെ എല്ലാവില്ലേജുകളേയും കറയ്ക്ക് കറയ്ക്ക് പരാമർശിക്കുന്ന ഒരു കായ്മാണ്. അതിനു സൂപ്രണ്ടുമിറിറിപ്പോട്ടിന്റേയും ചാലക്കുടി സ്കീമിന്റേയും കായ്മൊന്നും ഈ സംഗതിയിൽ എടുത്തുപറയേണ്ട ആവശ്യമില്ല. ഞാൻ അവതരിപ്പിച്ചിട്ടുള്ള പ്രമേയത്തിൽത്തന്നെ എല്ലാ വിവരങ്ങളും വിശദമായികാണിച്ചിട്ടുണ്ട്. ഏതു സ്കീം വന്നാലും ബോർഡുണ്ടായാലും ഓരോ വില്ലേജിലേയും ഓരോന്നായ കൃഷി ആവശ്യങ്ങളെ അവയ്ക്കാനും നിവൃത്തിക്കാൻ സാധിക്കയില്ല. വില്ലേജ്വാറായി ആവശ്യങ്ങൾ കാലേക്കൂട്ടി അറിഞ്ഞിരിക്കുന്നത് ആവകസ്കീമുകൾക്കു സഹായമായേ വരികയുമുള്ളൂ. ഓരോ വില്ലേജിനേയും ഓരോ രോഗിയായി സങ്കല്പിച്ച്, ഭിന്ന സ്വഭാവവും ലക്ഷണങ്ങളും വേറെ വേറെ പരിശോധിച്ചറിഞ്ഞു, പ്രത്യേകം പ്രത്യേകം ചികിത്സ നിശ്ചയിക്കാമെന്നാണ് പ്രമേയസാരം. മറ്റൊന്നും അതിനു പറ്റുന്നതല്ലാ. അതുകൊണ്ട് ഈ സംഗതിയിൽ വേണ്ടുംപോലെ ആലോചിച്ചു ചെയ്യണമെന്നു വീണ്ടും അപേക്ഷിക്കുന്നു.

Resolution was put and carried

3. Constitution of Rural Reconstruction Boards.

Mr. A. Narayana Menon:—"*This Council recommends to the Government of Cochin that Rural Reconstruction Boards comprising of both officials and non-officials be constituted for each Taluq in the State*".

ഈ പ്രമേയത്തെ ഗവൺമെന്റ് വിരോധിക്കുമെന്നു ഞാൻ വിശ്വസിക്കുന്നില്ല. ബഡ്ജറ്റിനെ സംബന്ധിച്ചുള്ള നിരൂപണത്തിൽ ഗ്രാമോദ്ധാരണത്തിനു് അത്യാവശ്യമായ ചില സംഗതികളെക്കുറിച്ച് ഞാൻ പ്രസ്താവിക്കുകയുണ്ടായി. റവന്യൂമെമ്പരുടെ മറുപടിയിൽനിന്നു് അതു് ഏതാണ്ട് ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടെന്നും എനിക്കു ബോദ്ധ്യം വന്നിട്ടുണ്ട്. എന്നാൽ ഇതു് വടക്കെ ഇംഗ്ലീഷ് നിയോജകമണ്ഡലം മെമ്പർ പറഞ്ഞതുപോലെ കേവലം കമ്മിറിയെവച്ച് നിരൂപിക്കുവാൻ വിട്ട് കാലതാമസം വരുത്തേണ്ട ഒരു സംഗതിയല്ല. ഉടനടി പ്രവൃത്തിയിൽ കൊണ്ടുവരേണ്ട ഒരു കായ്മാണെന്നു ഗവൺമെന്റിന്റെ ദൃഷ്ടിയിൽ പെടുത്തുവാനാണ് ഞാൻ ഈ പ്രമേയം അവതരിപ്പിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

കൊച്ചീരാജ്യത്തെ ഗ്രാമീണോദ്ധാരണത്തെ സംബന്ധിച്ച് ആലോചിക്കുമ്പോൾ നമ്മുടെ ദൃഷ്ടിയിൽ പ്രധാനമായിട്ടു കാണുന്നതു്, ദാരിദ്ര്യം എന്നുള്ള ഉദ്ദേവതയെയാണു്. ഞാനെപറയിയും ആൻറണിക്കമ്മിറ്റി റിപ്പോർട്ട് നടപ്പിൽ വരുത്തേണ്ട രീതിയെപറയിയും ഇവിടെ പ്രസംഗങ്ങൾ നടന്നിട്ടുള്ളതുകൊണ്ടു് ഞാൻ കൂടുതലായി കാര്യം പറയണമെന്നു വിചാരിക്കുന്നില്ല. പരിഷ്ക്കൃതരീതിയിൽ കൃഷിചെയ്യുവാൻ മൂന്നുവിധതടസ്ഥങ്ങളാണുള്ളതു്. ഒന്നാമതു് പ്രാചീന പരിഷ്ക്കൃതരീതിയിൽ വരുത്തുവാനുള്ള പണം ഇല്ലായ്മ; രണ്ടാമതു് പരിഷ്ക്കൃതരീതിയിൽ കൃഷിചെയ്യുവാനുള്ള അറിവില്ലായ്മ; മൂന്നാമതു് ഭൂമിയിൽ വളരെ കഷ്ടപ്പെട്ടു കൃഷിചെയ്താലും അതിനനുസരിച്ചു് ആദായമില്ലായ്മ, ഇതെല്ലാം പരിഹരിക്കുവാൻ കൃഷിക്കാർക്ക് ആദ്യമായി അവശ്യമുള്ളതു് പണമാണു്. അതുകൊണ്ടു് അവക്കു കൃഷിസംബന്ധമായ ധനസഹായങ്ങൾ കിട്ടത്തക്കവണ്ണമുള്ള സ്ഥാപനങ്ങൾ വേണം. അതു് ഇപ്പോൾ ഇല്ല. കൊച്ചിസ്റ്റേറ്റിലെ കോവാപ്പറേറീവു് സൊസൈറ്റികളെ സംബന്ധിച്ചുള്ള 214-ാം ഖണ്ഡത്തിനു് രജിസ്ട്രാർ പറഞ്ഞിട്ടുള്ള അഭിപ്രായം "Unless the educated public come forward to take up thir management the progress of the Co-operative movement on the non-credit side will have to be necessarily slow" എന്നാണു്. ഈ കാര്യത്തിൽ അദ്ദേഹത്തിനു് വേണ്ടുന്ന സഹായസഹകരണങ്ങൾ ചെയ്തുകൊടുക്കേണ്ട ബാദ്ധ്യത നമുക്കുണ്ടു്. ഞാൻ ബഡ്ജറവതരിപ്പിക്കുമ്പോൾ പറഞ്ഞതനുസരിച്ചു് കൃഷിവിദ്യാലയങ്ങൾ തുടങ്ങുവാനുദ്ദേശിക്കുന്നുണ്ടു്. ഞാൻ ഉദ്ദേശിച്ചതനുസരിച്ചു് നടത്തിയാൽ അവിശ്വാസവും അജ്ഞതയും തീരും; പരിഷ്ക്കൃതരീതി പ്രചരിച്ചാൽ ലാഭമുണ്ടെന്നു ബോദ്ധ്യം വരുത്താം.

ഇനിയൊന്നു പറയുവാനുള്ളതു് കോവാപ്പറേറീവു മാക്കറിങ്ങിനെ പറ്റിയാണു്. അതിൽ ചൂണ്ടൽ വില്ലേജിനെ സംബന്ധിച്ചുള്ള സംഗതി റിപ്പോർട്ടിൽ 67-ാം പാരഗ്രാഫിൽ പറഞ്ഞിട്ടുണ്ടു്. അതു ഞാൻ ഇവിടെ വായിക്കുന്നില്ല. അതിൽ നാകിയാൽ മൂന്നാമനായ ആൾ കുറച്ചധനവാനുംകൂടിയായാൽ എല്ലാം വിധത്തിലാണു് സാധുക്കളായ കർഷകന്മാരെകഷ്ടപ്പെടുത്തുവാൻ സാധിക്കുകയെന്നുള്ളതു വിശദമാകും. അതിൽ കർഷകന്മാർക്കു ഉല്പന്നങ്ങൾ കൊണ്ടുപോയി വില്ക്കുന്നതിനും ഇടപാടുകൾ ചെയ്യുന്നതിനും ഇങ്ങിനെയുള്ള പ്രസ്ഥാനങ്ങൾ ആവശ്യമാണെന്നു പറഞ്ഞിട്ടുണ്ടു്. ഇതരദേശങ്ങളിലെ അനുഭവവും ഇതാണു്.

ജനങ്ങൾക്കു് പരിഷ്ക്കൃതരീതിയിൽ കൃഷിചെയ്യുവാനുള്ള അജ്ഞതകൊണ്ടു് അവർ ഇന്നും പഴയ രീതിയിൽത്തന്നെയാണു കൃഷിചെയ്യുവരുന്നതു്. ഈ സംഗതിയ്ക്കു തിരുവിതാംകൂറിൽ കൃഷിഡിപ്പാർട്ടുമെൻറിൽനിന്നും പ്രചാരണവേല നടത്തുകയും ഉദ്ദേശങ്ങൾ കൊടുക്കുകയും മറ്റു പല വിധത്തിൽ കൃഷിക്കാരെ സഹായിക്കുകയും ചെയ്യുവരുന്നുണ്ടു്. അതു

LIBRARY ARCHIVES Kerala Legislative Assembly

പോലെ ജനങ്ങളുടെയിടയിൽ അറിവുണ്ടാക്കുവാൻ വേണ്ടിയുള്ള പ്രചാരണവേലകൾ ഇവിടെയും ചെയ്യേണ്ടതു് ആവശ്യമാണു്. അല്ലാതെ ഗസറ്റിൽ ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തിയതുകൊണ്ടൊന്നും കാര്യമില്ല. എട്ടിലെ പശു പുല്ലു തിന്നില്ലെന്നു് പറയേണ്ടതില്ലാ. ഭൂമീദേവിയെ സേവിച്ചാൽ പട്ടിണി കൂടാതേയും അന്തസ്സിലും നിങ്ങൾക്കു ജീവിയ്ക്കുവാൻ സാധിയ്ക്കും. അതിലേയ്ക്കു നിങ്ങൾ ഇന്നപ്രകാരം ചെയ്യണമെന്നുള്ള ഉപദേശങ്ങൾ, ഉദാഹരണസഹിതം കൊടുക്കണം. ഇപ്പോൾ ഈ സംഗതിയ്ക്കുവേണ്ടി നമുക്കുള്ള സ്ഥാപനങ്ങൾ ഒന്നു് പഞ്ചായത്തും മറ്റൊന്നു് കോവാപ്പറേറിവുസൊസൈറ്റീസുമാണു്. ഇവ രണ്ടും ഒരുവിധത്തിലും ബന്ധിക്കപ്പെട്ടിട്ടില്ലാ. രണ്ടും ഇപ്പോഴത്തെ നിലയിൽ ഒരുമാതിരി മോശമായിട്ടാണു പ്രവൃത്തിക്കുന്നതു് എന്നു് ആരും സമ്മതിക്കും. പഞ്ചായത്തിനെപ്പറ്റി പല പരാതികളും സാധാരണയായിട്ടു നാം കേൾക്കുന്നുണ്ടു്. ഒരു ഘട്ടത്തിൽ, വിദ്യാഭ്യാസഭരണകാര്യങ്ങളിൽ ലോക്കൽബോർഡു് നിർത്തിയ്ക്കാമോ എന്നു ചോദിച്ചതിനു് അന്നത്തെ പഞ്ചായത്തു രജിസ്ട്രാർ പറഞ്ഞ മറുപടി ഇതാണു്: Its composition will be a problem beset with innumerable difficulties. It is only those that have attempted at forming such bodies that can understand the real significance of these difficulties. Cliques and counter cliques, prejudices and influences will play at large in their composition.....". ഇതാണു് ഇദ്ദേഹം നിർമ്മിച്ച പഞ്ചായത്തുകളുടെ സ്ഥിതി എങ്കിൽ ഇതിൽ നമുക്കു് അഭിമാനിക്കത്തക്കതോ ആദരിക്കത്തക്കതോ ആയ ഗുണമൊന്നും കാണുന്നില്ല. വേറെ ഉപദേശങ്ങൾകൊടുക്കാനുള്ള സ്ഥാപനങ്ങളായി, ജനപ്രതിനിധികളുടെ ഈ സ്ഥാപനങ്ങളെ ഗണിക്കുന്നിടത്തോളം കാലം അവയുടെ ഗുണവും ഫലവും ശങ്കനീയമായേ വരികയുള്ളൂ. പഞ്ചായത്തുകളോടു പൊതുവായുള്ള കുറ്റങ്ങൾ മാറ്റുന്നിലയിലായാൽ അവകൊണ്ടു വളരെ ഗുണമുണ്ടാകും, സംശയമില്ല.

ഗ്രാമോദ്ധാരണം വിജയമാക്കുവാൻ താലൂക്കുകൗൺസിലോ താലൂക്കുബോഡുകൾസ്ഥാപിയ്ക്കണം. ഈ താലൂക്കുബോഡിൽ അനുദ്യോഗസ്ഥന്മാരും, കോവാപ്പറേറിവു്, പഞ്ചായത്തു എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥന്മാരും മാക്കറിംഗു് ആഫീസർമാരും കൂടി യോജിച്ചു പ്രവൃത്തിച്ചാൽ ജനങ്ങൾക്കു പല സഹായങ്ങളും ചെയ്യുവാൻ സാധിയ്ക്കുന്നതാണു്. കേന്ദ്രത്തിൽ ഒരു ഡവലപ്പ്മെണ്ടു് ബോഡിന്റെ ആവശ്യം ഞാൻ ബഡ്ജറ്റ് നിരൂപണത്തിൽ പറഞ്ഞിട്ടുണ്ടു്. ശരിയായ പ്രവൃത്തിപദ്ധതി രൂപീകരിച്ചു് പ്രവൃത്തി തുടങ്ങിയാൽ രണ്ടുമൂന്നു കൊല്ലത്തിനുള്ളിൽ ഗ്രാമോദ്ധാരണസംബന്ധമായ പല പ്രവൃത്തികളും ചെയ്യുവാൻ നമുക്കു കഴിയും.

പിന്നെ ഒന്നുകൂടി പറയുവാനുണ്ടു്. ഇപ്പോൾ ലാൻഡമോർട്ട്ഗേജു

LIBRARY ARCHIVES Kerala Legislative Assembly

ബാങ്കു വരുന്നുണ്ട്. വസ്തുക്കൾ പണംവാങ്ങി പണംകൊടുക്കുക എന്നുള്ളതാണ് അതിലെ പ്രധാന വ്യവസ്ഥ കൊടുക്കുന്നപണത്തിന്റെ പലിശയും മുതലും വസ്തുവിൽനിന്നും ഇങ്ങുകുമോ എന്നു നോക്കിയാണ് വസ്തുക്കൾ പണയം വാങ്ങുന്നതു്. അങ്ങിനെ കൊടുക്കുന്ന പണം വേണ്ടവിധം ചിലവുചെയ്യുവാനും വസ്തുക്കളിൽ ആദായം വർദ്ധിപ്പിക്കുവാനുമുള്ള ഉപദേശങ്ങൾ ആ ബാങ്കിന്റെ നിലനില്പിനും വിജയത്തിനുമായെങ്കിലും കടക്കാർക്കു കൊടുക്കേണ്ടതാണ്. ഇങ്ങിനെയുള്ള സൗകര്യങ്ങൾ നാട്ടുകാർക്കു ചെയ്തുകൊടുത്താൽ കൊച്ചിരാജ്യം പണ്ടും തേനും ഒഴുകുന്ന ഒരു രാജ്യമായിതീരുമെന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ ഈ പ്രമേയം അവതരിപ്പിക്കുന്നു.

മിസ്റ്റർ പി. ജെ. അലക്സാണ്ടർ:—സർ, ഗ്രാമീണോദ്ധാരണം അഖിലേന്ത്യാ പ്രാധാന്യം സിദ്ധിച്ചു വന്ന പ്രമേയങ്ങളിൽ ഒന്നായതുകൊണ്ട് ഈ വിഷയത്തെപ്പറ്റി കൂടുതലായി ഒന്നും പറയണമെന്നില്ല. ഈ സംഗതിയിൽ നമ്മുടെ സംസ്ഥാനം മറ്റന്യായിലെ ഇതര രാജ്യങ്ങളെ അപേക്ഷിച്ചു വളരെ മുന്നണിയിലാണ സ്ഥിതിചെയ്യുവരുന്നതെങ്കിലും ഇവിടെ ആ ഗ്രാമീണോദ്ധാരണ ശ്രമങ്ങൾ എല്ലാം പൂർത്തിയായിക്കഴിഞ്ഞുവെന്നോ, ആശാസ്യമായ രീതിയിൽ നടന്നു വരുന്നുവെന്നു പോലുമോ പ്രസ്താവിക്കുവാൻ ആരും മുതിരുമെന്നു തോന്നുന്നില്ല. ഇതുവരെയുണ്ടായിട്ടുള്ള മിക്ക പ്രമേയങ്ങളിൽനിന്നും ഈ സ്ഥിതി മനസ്സിലാക്കാമായിരുന്നതുതാണ്. അതുകൊണ്ട് ഞാൻ ഈ പ്രമേയത്തെ ബലമായി പിൻതാങ്ങുന്നു.

Mr. T. S Narayana Ayyar:—Sir, I shall explain the position of Government in regard to this matter. The policy that is sought to be advocated by this resolution is obviously one that is being already worked out by Government through other agencies, which are considered to be adequate for the purpose. The term 'rural reconstruction' is a term of very wide import. A programme of rural reconstruction requires the co-ordination of various departments like Public Health, Panchayats, Agriculture, Co-operation. Hon'ble Members are aware that for rural reconstruction the Government of India have really allotted one crore of rupees and their scheme of rural reconstruction consists in the construction of such works, as wells, and tanks, irrigational facilities and village roads. Now so far as this State is concerned, we have got our own rural reconstruction boards. We have got our Panchayats, 8 in all and they are constructing wells and tanks, irrigation work and village roads. There are about 550 wells, 337 tanks, 111 irrigation works and 700 miles of village roads in our State attended to by the Panchayats. In the

LIBRARY ARCHIVES Kerala Legislative Assembly

sphere of sanitation also a good amount is being spent for the improvement of rural sanitation. Added to this, Hon'ble Members are aware that a grant has recently been made of one lakh of rupees, for rural uplift, for maternity and child welfare centres. We have been told this morning that a sum of about 35 thousand has already been spent and another sum of 25 thousand has been budgetted for next year and the balance will be spent in the next coming year. Recently a rural reconstruction committee comprising of officers and non-officials was appointed by the Government.

Mr. P. Kumaran Ezhuthassan:— Is it recently ?

Mr. T. S. Narayana Ayyar:— The Committee was appointed in 1105, but their recommendations are still being worked out. It has not become a defunct body. This Committee has submitted a very exhaustive report dealing with communications, supply of water for drinking and agricultural purposes, drainage, lighting and sanitary arrangements, markets, and other resources of the village. They took a long time to report, Government passed orders on their report in 1109, and Heads of Departments have been directed to carry out the suggestions of the Committee as far as practicable. In view of the developments so far made in the matter of rural re-construction and rural welfare it is necessary to wait and see how far these recommendations of the Rural Reconstruction Committee would be sufficient to achieve the purpose that is intended by this resolution.

Mr. A. Narayana Menon:— Sir, now that the Government intend doing something in the matter of rural reconstruction I am in a way satisfied. But I would request the Government to have the co-operation of the non-officials also. You can get very good help from the non-officials. I hope that their good services will be availed of by the Government and that a comprehensive programme of work will be carried on, on the lines indicated by me. Since I find that the Government is in sympathy with the aspirations contained in the resolution I do not want to press the Resolution to a division.

The Resolution was, with leave, withdrawn.

4. Remission of Land Revenue assessment.

Mr. P. Raman Menon:— "*In view of the fact that there is general decrease in all agricultural products, and a general fall in the market prices of such products, this Council recommends that*

LIBRARY ARCHIVES Kerala Legislative Assembly